HON'BLE MR. G. RAMACHANDRAN : തീർച്ചപറയാൻ നിവൃത്തിയില്ല.

MR. P. C. ADICHAN (*Kunnathur II—Kurava*) : ഫീ വയസ്സിന് താഴെയുള്ളവരെ ഹോസ്റ്റലിൽ പ്രവേശിപ്പിച്ചുകൂടാ എന്ന നിയമം ഉണ്ടെങ്കിൽ അതു ഓർഡർ ഭേദഗതി വരുത്താൻ ഗവണ്മെൻറ് തയാറാകുമോ?

HON'BLE MR. G. RAMACHANDRAN: ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല. അങ്ങനെ ഒരു നിയമമുണ്ടെങ്കിൽ അതു് എന്തുകൊണ്ടുണ്ടായി എന്നറിഞ്ഞ ശേഷം അതിനെപ്പറ്റി ആലോചിക്കാം.

MR. P. C. ADICHAN : ഫീ വയസ്സു തികഞ്ഞില്ലാ എന്ന കാരണത്താൽ ഹോസ്റ്റലിൽ പ്രവേശിക്കാൻ സാധിക്കാതെ പലരും കഷ്ടപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

HON'BLE MR. G. RAMACHANDRAN : ഞാൻ മുൻപു പറഞ്ഞ മറുപടിയിൽ കൂടുതലായി ഒന്നും പറയാനില്ല.

MR A. ABDUL RAZAK (*Nedumangad I—Musilm*): Will the Hon'ble member please explain what is meant by the term 'Harijan'?

HON'BLE MR. G. RAMACHANDRAN : Am I expected to answer this question, Sir? Does it arise out of this?

74. പുനലൂർ ടൗണിൽ ഇലക്ട്രിക്ക് പവ്വർ വിതരണം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) പുനലൂർ ടൗണിൽ ഇലക്ട്രിക്ക് പവ്വർ വിതരണം ചെയ്യുന്നതിനുള്ള എല്ലാ ഏർപ്പാടുകളും പൂർത്തിയായിട്ട് ഇപ്പോൾ ഒരു വർഷത്തിനു മേലായിട്ടും എന്തോ സാങ്കേതിക തടസ്സത്തിന്മേൽ ഇതുവരേയും പവ്വർ വിതരണം തുടങ്ങിയിട്ടില്ലെന്നുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) അതിന്മേൽ പുനലൂർ നിവാസികൾക്ക് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടത്തെപ്പറ്റി ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടില്ലെ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN : (എ) പുനലൂർ ടൗണിൽ ഇല കടിക്ക് പൗവ്വർ വിതരണത്തിനുള്ള ഏർപ്പാട് പൂർത്തിയായിട്ടുണ്ട്. ചില സാങ്കേതികതടസ്സങ്ങൾ മൂലം പവ്വർ വിതരണം നടപ്പിൽ വരുത്തിയിട്ടില്ല.

(ബി) പരാതികൾ കിട്ടിയിട്ടുണ്ട്. കഴിയുന്നതും വേഗം പവ്വർ വിതരണം നടത്താൻ ഏർപ്പാട് ചെയ്യുന്നതാണ്.

MR. MOHAMMED MUSTAFA : പുനലൂർ പവ്വർ വിതരണത്തിന് ആരെങ്കിലും കൺട്രാക്ട് എടുത്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. A. ATCHUTHAN : ഒരു ലൈസൻസിക്ക് വിതരണം നടത്തുന്നതിനുള്ള അവകാശം കൊടുത്തിരുന്നു.

MR. MOHAMMED MUSTAFA : ആ അവകാശം അദ്ദേഹത്തിനിപ്പോൾ ഉണ്ടോ ?

HON'BLE MR. A. ATCHUTHAN : അദ്ദേഹം ലൈസൻസ് വ്യവസ്ഥ അനുസരിച്ച് കുറച്ചകാലത്തിനുള്ളിൽ ചെയ്യേണ്ട ജോലി ചെയ്തുതീർക്കാത്തതുനാൽ അദ്ദേഹത്തിന്റെ പേർക്കുള്ള ലൈസൻസ് കാൻസൽ ചെയ്തു. അതിലേക്ക് അദ്ദേഹം ഗവണ്മെന്റിലേക്ക് റിവിഷൻ കൊടുത്തു. അത് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

MR. MOHAMMED MUSTAFA : അതിനു പകരം വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ ?

HON'BLE MR. A. ATCHUTHAN : ഇതുവരെ ചെയ്തിട്ടില്ല.

MR. MOHAMMED MUSTAFA : അവിടെ ഇപ്പോൾ പല കെട്ടിടങ്ങളിലും ഇലക്ട്രിക്ക് ലൈറ്റിടുന്നതിന് വയറിംഗ് കഴിഞ്ഞു നോക്കിയിരിക്കുന്നു എന്നു ഗവണ്മെന്റിനറിയാമോ ?

HON'BLE MR. A. ATCHUTHAN : അറിയാം.

MR. MOHAMMED MUSTAFA : ഇനി അവിടെ ഇലക്ട്രിക്ക് പവ്വർ വിതരണം ചെയ്യുന്നതിന് എത്രകാലം വേണ്ടിവരും എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : കഴിയുന്നതും വേഗം പവ്വർ വിതരണം ചെയ്യുന്നതിനു വേണ്ട ഏർപ്പാടുചെയ്യാം. അവിടത്തെ ലൈസൻസിയുടെ റിവിഷൻ ഗവണ്മെന്റ് പരിഗണനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO (*Kottayam II—General*) : ഇവിടെ ചില സാങ്കേതികതടസ്സങ്ങൾ എന്നു പറഞ്ഞല്ലോ ? ആ സാങ്കേതിക തടസ്സങ്ങളുടെ ഏകദേശരൂപമെങ്കിലും നൽകാമോ ?

HON'BLE MR. A. ATCHUTHAN : ആ തടസ്സങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതായതു, ലൈസൻസി ക്ക് ഈ പ്രകാലത്തിനകം ജോലിചെയ്യുതീർക്കാഞ്ഞതിനാൽ ലൈസൻസ് ക്യാൻസൽചെയ്തു. അതിനാൽ ആ ലൈസൻസി ഗവണ്മെൻറിലേക്കു റിവിഷൻ കൊടുത്തു. അതനുസരിച്ച് ഗവണ്മെൻറ് സ്റ്റേ ഓർഡർ കൊടുത്തു. അപ്പോൾ മേൽനടപടി നടത്താൻ വേണ്ടിയാണ് സ്റ്റേ ചെയ്തത്.

മുട്ടത്തുകടവിൽ ഒരു പാലം പണിയിക്കേണ്ട ആവശ്യം.

75. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ആവണീശ്വരം-പത്തനാപുരം റോഡിൽ മുട്ടത്തുകടവിൽ ഒരു പാലം ഇല്ലാത്തതുമൂലം സ്ഥലവാസികൾ അനുഭവിക്കുന്ന ദുസ്സഹമായ വൈഷമ്യങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്ന് പ്രസ്താവിക്കാമോ ?

HON'BLE MR. A. ATCHUTHAN : കഴിഞ്ഞ മാർച്ച് കൊല്ലത്തിനിപ്പുറം യാതൊരു നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

മുനിസിപ്പാലിറ്റിക്കു കൊടുത്ത സഹായധനം.

76. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഇവിടത്തെ മുനിസിപ്പാലിറ്റികൾക്ക് ഗവണ്മെൻറ് എന്തെങ്കിലും ധനകര്യം കടമായി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക്, എത്ര ധനകര്യം, എന്താവശ്യത്തിനെന്നു പ്രസ്താവിക്കുമോ?

HON'BLE MR G. RAMACHANDRAN : ഉണ്ട്. നാഗർകോവിൽ, വൈയ്ക്കം, ആലപ്പുഴ, ചെങ്കോട്ട ഈ മുനിസിപ്പാലിറ്റികൾക്കാണ്. ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

* Vide Appendix C.

LIBRARY ARCHIVES Kerala Legislative Assembly